# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കരിമണ്ണൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**




**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**ഇടുക്കി-685584**

**ഇ-മെയിൽ: doidk.ksad@kerala.gov.in**

**ഫോൺ : 04862-227332**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ./ പി4/663/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 03/09/2024
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരിമണ്ണൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ./ പി4/663/2024 തീയ്യതി: 03/09/2024

## ഇടുക്കി ജില്ലയിലെ കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-07-2023 മുതൽ 09-06-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.കെ.വിനോദ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 10-06-2024 | 14-06-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-06-2024 | 14-06-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. രാജീവ് എം.എസ്, ഓഡിറ്റ് ഓഫീസർ

ശ്രീ. ഫസലു റഹ്മാൻ, ഓഡിറ്റ് ഓഫീസർ

ശ്രീ.ജിബി ഇ.വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.ജോസഫ് ചാക്കോ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.ജോഷി തോമസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ഡെന്നിസ് ജോസഫ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| നിസാ മോൾ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| അഗസ്റ്റ്യൻ വി.എ | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റാണി ജോസഫ് | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ: നീതു കെ.പി | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| മെൽഡ ഡെവിഡ് | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2023 | 31-03-2024 |
| അപർണ പി രവി | വി.ഇ.ഒ നെയ്യശ്ശേരി സർക്കിൾ | 01-04-2023 | 20-04-2023 |
| നിത്യ പി.എസ് | വി.ഇ.ഒ നെയ്യശ്ശേരി സർക്കിൾ | 21-04-2023 | 18-05-2023 |
| അപർണ പി രവി | വി.ഇ.ഒ നെയ്യശ്ശേരി സർക്കിൾ | 19-05-2023 | 13-09-2023 |
| സിൻസി ജോസഫ് | വി.ഇ.ഒ നെയ്യശ്ശേരി സർക്കിൾ | 14-09-2023 | 16-10-2023 |
| അപർണ പി രവി | വി.ഇ.ഒ നെയ്യശ്ശേരി സർക്കിൾ | 17-10-2023 | 31-03-2024 |
| നിത്യ പി.എസ് | വി.ഇ.ഒ കരിമണ്ണൂർ സർക്കിൾ | 01-04-2023 | 11-07-2023 |
| ബാബു കെ.വി | വി.ഇ.ഒ കരിമണ്ണൂർ സർക്കിൾ | 12-07-2023 | 12-09-2023 |
| സിൻസി ജോസഫ് | വി.ഇ.ഒ കരിമണ്ണൂർ സർക്കിൾ | 13-09-2023 | 31-03-2024 |
| ഐ.ഒ പൗലോസ് | ഹെഡ് മാസ്റ്റർ | 01-04-2023 | 31-05-2023 |
| മിനി കുര്യൻ | ഹെഡ് മിസ്ട്രസ് | 01-06-2023 | 31-03-2024 |
| ഡോ.ഖയാസ് ഇ.കെ | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി | 01-04-2023 | 31-03-2024 |
| സുധീഷ് എം.പി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| സാബിതാ ബീഗം | അസി.എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ഡോ.ടെല്ലസ് കുര്യൻ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2023 | 26-08-2023 |
| ഡോ വിജിത കുറുപ്പ് | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 27-08-2023 | 07-09-2023 |
| ഡോ. ജീന മേരി വർഗ്ഗീസ് | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 08-09-2023 | 31-03-2024 |
| ശ്രീ. കണ്ണൻ പി. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ആസ്തികളുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല | 1-1-2 |
| 4 | തനതു വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-3 |
| 5 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകളില്ല | 1-1-4 |
| 6 | അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ വാർഷികകണക്കിൽ ഉൾപ്പെടുത്താത്തത് | 1-1-5 |
| 7 | ഹെഡ് മാസ്റ്ററുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് വിവരങ്ങൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | ഗ്രാന്റ് വിനിയോഗം | 1-3 |
| 10 | പദ്ധതി അവലോകനം | 1-4 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 12 | സാമൂഹ്യ സുരക്ഷാ പദ്ധതികൾ | 1-6 |
| 13 | ക്യാഷ് പരിശോധന | 1-7 |
| 14 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 15 | അനധികൃത കെട്ടിടങ്ങൾ - നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല | 1-9 |
| 16 | സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല | 1-10 |
| 17 | ജീവനക്കാരുടെ തൊഴിൽ നികുതി, ലൈസൻസ് ഫീസ് അടവാക്കിയില്ല | 1-11 |
| 18 | സ്ട്രീറ്റ് ടാപ്പുകളുടെ കുടിശിക | 1-12 |
| 19 | അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകൾ - തുടർ നടപടി സ്വീകരിക്കണം | 1-13 |
| 20 | അസിസ്റ്റന്റ് എഞ്ചിനിയർ കാഷ്ബുക്ക് എഴുതിയിട്ടില്ല. | 1-14 |
| 21 | പ്രികാസ്റ്റ് കോൺക്രീറ്റ് പേവർ ബ്ലോക്ക്- ഡിഫക്റ്റ് ലയബിലിറ്റി കാലയളവ് കുറവായി നിശ്ചയിച്ചു. | 1-15 |
| 22 | ടെണ്ടർ തുറക്കൽ - ചട്ടത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 1-16 |
| 23 | ജില്ലാ പഞ്ചായത്തിന്റെ ആസ്തിയിൽ റോഡ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ചു | 1-17 |
| 24 | വിട്ടു കിട്ടിയ സ്ഥാപനങ്ങളുടെ ദൈനംദിന ചെലവുകൾ - ചെലവുകൾ നിരീക്ഷിക്കുന്നില്ല | 1-18 |
| 25 | ഗവ. യു.പി. സ്കൂളിന് പ്രൊജക്ടർ വാങ്ങൽ–സർക്കാർ നിർദേശങ്ങൾ പാലിച്ചില്ല | 1-19 |
| 26 | ഗവ. യു.പി. സ്കൂളിന് ലാപ് ടോപ്പ് വാങ്ങൽ–സർക്കാർ നിർദേശങ്ങൾ പാലിച്ചില്ല | 1-20 |
| 27 | ലൈഫ് ഭവന പദ്ധതി ചെലവ് വിവരം യഥാവിധി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല | 1-21 |
| 28 | അഡ്വാൻസ് ക്രമീകരിക്കാത്തത് | 1-22 |
| 29 | പഞ്ചായത്ത് ഓഫീസിന് സോളാർ പാനൽ സ്ഥാപിക്കലും അനുബന്ധ പ്രവൃത്തികളും- തുക ഒടുക്കിയെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടില്ല-ചെലവ് തടസ്സം | 1-23 |
| 30 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ– മരുന്ന് പൂർണ്ണമായും ലഭ്യമായില്ല | 1-24 |
| 31 | മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ - അവലോകനം | 1-25 |
| | ഭാഗം 2 | |
| | --- No Records Found --- | |
| | ഭാഗം 3 | |
| | --- No Records Found --- | |

| ഭാഗം **4** | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പാ/വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുക | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 24.05.2024 ലെ 1(1) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 27.05.2024 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024-ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും, 31.03.2024 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) C And AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും, C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും, വെളിപ്പെടുത്തലുകളും, പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും, ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും, വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി. കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള സാമ്പത്തിക പ്രസ്താവനകൾ, സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**തൊടുപുഴ**
**തീയതി : 03.09.2024**

**ഡെപ്യൂട്ടി ഡയറക്ടർ**
**ഇടുക്കി**

**1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല**

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 62(2) (ഇ), (എഫ്) എന്നിവ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

**1-1-2 ആസ്തികളുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല**

6/07/2011-ലെ ജി.ഒ(എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി സ്ഥാപനത്തിലെ ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല.

**1-1-3 തനതു വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല**

പഞ്ചായത്തിലെ പ്രധാന വരവിനങ്ങൾക്ക് വർഷാവസാനമാണ് അക്രൂവൽ എൻട്രികൾ നൽകിയിട്ടുള്ളത്. അക്രൂ ചെയ്യുന്ന നികുതികൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. മുൻവർഷ മുൻകൂർ വരവുകളും തൻവർഷകണക്കുകളിലേക്ക് ജേണൽ വൗച്ചർ മുഖേന ക്രമീകരിച്ചിട്ടുള്ളത് 31.03.2024-ൽ മാത്രമാണ്.

**1-1-4 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകളില്ല**

ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിൽ ഐ-(19), (ഐ-18) എന്നിവ പ്രകാരം ഡിമാന്റിൽ നിന്ന് എഴുതിത്തള്ളിയ വരവ് ചെലവുകൾക്ക് ഉപോൽബലകമായി അംഗീകരിക്കപ്പെട്ട ജേർണ്ണൽ വൌച്ചറുകളൊ വർക്ക് ഷീറ്റുകളൊ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിലെ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

**1-1-5 അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ വാർഷികകണക്കിൽ ഉൾപ്പെടുത്താത്തത്**

അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ SBI കരിമണ്ണൂർ ശാഖയിലെ 3035455578-5 നമ്പർ അക്കൗണ്ടിൽ 11.06.2024 ന് ₹ 190390.67 യും, ഇ ടെണ്ടർ ഫീ വരവ് വയ്ക്കുന്ന 39103572611 നം അക്കൗണ്ടിൽ 31.05.2024 ന് ₹ 101100 യും ചെലവഴിക്കാതെ അവശേഷിക്കുന്നു. ഈ അക്കൗണ്ട് വിവരങ്ങൾ ഗ്രാമ പഞ്ചായത്തിന്റെ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-6 ഹെഡ് മാസ്റ്ററുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് വിവരങ്ങൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല**

ദൈനംദിന ചെലവുകൾക്കായി യു പി സ്കൂൾ ഹെഡ് മാസ്റ്ററുടെ പേരിൽ സ്റ്റേറ്റ് ബാങ്കിൽ നിലവിലുള്ള 57044918212 നമ്പർ അക്കൗണ്ടിൽ ₹19385/- നീക്കിയിരിപ്പുണ്ട്. പ്രസ്തുത തുക വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-2 ബജറ്റ്**

| | | | | |
|---|---|---|---|---|
| കമ്മിറ്റി തീരുമാനം | | 1(1)/25.03.2023 | | |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം | | 2/14.03.2023 | | |
| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| 12639495 | 148876000 | 161515495.05 | 156091206 | 5424289.05 |

പുതുക്കിയ ബജറ്റ്

| | | | | |
|---|---|---|---|---|
| കമ്മിറ്റി തീരുമാനം | 3(1)/13.03.2024 | | | |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം | 1(2)/14.02.2024 | | | |
| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| 6705227 | 177980000 | 184685227 | 177444500 | 7240727 |

**1-3 ഗ്രാന്റ് വിനിയോഗം**

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 14721000 | 14721000 | 13808715 | 912285 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 2169000 | 2169000 | 2135770 | 33230 |
| വികസനഫണ്ട് (റ്റി.എസ്.പി) | 0 | 372000 | 372000 | 215186 | 156814 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് -റോഡ് | 0 | 6550650 | 6550650 | 5001010 | 1549640 |
| മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ് | 0 | 5748000 | 5748000 | 4669576 | 1078424 |
| 320200104- ധനകാര്യകമ്മിഷൻ ഗ്രാന്റ് – അൺടൈഡ് | 916469 | 2592070 | 3508539 | 1922839 | 1585700 |
| 320200113- ധനകാര്യകമ്മിഷൻ ഗ്രാന്റ് – ടൈഡ് | 4504935 | 1828000 | 6332935 | 1339766 | 4993169 |
| 320100181- ടോട്ടൽ സാനിറ്റേഷൻ | 2592827 | 518000 | 3110827 | 1785876 | 1324951 |
| 320100196- ഐ.സി.ഡി.എസ് | 889989 | 881679 | 1771668 | 1000000 | 771668 |
| 320100202- ഹെൽത്ത് ഗ്രാന്റ് | 3186 | 802877 | 806063 | 793007 | 13056 |
| 320100204- ഹെൽത്ത് ഗ്രാന്റ് - പി.എച്ച്.സി | 1900 | 344238 | 346138 | 340000 | 6138 |
| 320200202- മൃഗസംരക്ഷണം | 413397 | 0 | 413397 | 0 | 413397 |
| 320200207- ആയുർവേദം | 0 | 500000 | 500000 | 479124 | 20876 |
| 320200399- മറ്റ് ഗ്രാന്റുകൾ | 0 | 238179 | 238179 | 32037 | 206142 |
| 320800199- പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് | 181061 | 0 | 181061 | 0 | 181061 |
| 320900102- പകർച്ച വ്യാധി ഗ്രാന്റ് | 7530 | 206 | 7736 | 0 | 7736 |

**ഗ്രാന്റ് വിനിയോഗ കണക്കുകളിലെ അപാകതകൾ

1) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ, വിവിധ ഫണ്ടുകളുടെ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | സ്രോതസിൽനിന്ന് കുറവു ചെയ്ത തുക | |
|---|---|---|
| | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | അങ്കണവാടി അധിക വേതനം |
| വികസന ഫണ്ട്-ജനറൽ | 1362894 | 832200 |
| വികസന ഫണ്ട്-എസ്.സി.പി. | 501863 | 0 |
| വികസന ഫണ്ട്- ടി.എസ്.പി. | 28377 | 0 |

2) ധനകാര്യ വകുപ്പിന്റെ 15.07.2021-ലെ ജി.ഒ.(എം.എസ്.) 79/2021 നമ്പർ ഉത്തരവനുസരിച്ച്, ഒരു സാമ്പത്തിക വർഷം അനുവദിക്കുന്ന വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ പൂർണ്ണമായി ചെലവഴിക്കാത്ത പക്ഷം ആകെ അനുവദിച്ച തുകയുടെ പരമാവധി 20% മാത്രമാണ് അടുത്ത സാമ്പത്തിക

വർഷത്തെ വിനിയോഗത്തിന് ക്യാരി ഓവർ ചെയ്ത് ലഭ്യമാകുന്നത്. ആയതിനാൽ തൻവർഷം ഷോർട്ട് ഫോളായി ₹321924/- 2025-26 സാമ്പത്തിക വർഷം നഷ്ടമാകുന്നതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അലോട്ട് മെന്റ് (₹) | യഥാർത്ഥ ചെലവ് (₹) | ബാക്കി (₹) | ചെലവ് ശതമാനം | 2024-25ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക ( ₹) | ഷോർട്ട് ഫോൾ ഇനത്തിൽ 2025-26-ൽ നഷ്ടമാകുന്ന തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് (ററി.എസ്.പി) | 372000 | 215186 | 156814 | 57.84 | 74400 | 82414 |
| മെയിന്റനൻസ് ഗ്രാന്റ് -റോഡ് | 6550650 | 5001010 | 1549640 | 76.34 | 1310130 | 239510 |
| | | | | ആകെ | 1384530 | 321924 |

ഷോർട്ട് ഫോളിലൂടെ ഗ്രാമ പഞ്ചായത്തിന് സാമ്പത്തിക നഷ്ടമുണ്ടാകുന്നത് ഒഴിവാക്കാൻ ഭാവിയിൽ മുൻകരുതൽ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ്, നിർവഹണ ഉദ്യോഗസ്ഥർ എന്നിവരുടെ അടിയന്തരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 2023-24 | 263 | 98193013 | 153 | 40164403 | 110 | 58 |

വിവിധ നിർവഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു

| **നിർവഹണ ഉദ്യോഗസ്ഥൻ** | **പദ്ധതികളുടെ എണ്ണം** | **അടങ്കൽ** | **നടപ്പാക്കിയ പദ്ധതികളുടെ എണ്ണം** | **ചെലവ്₹** | **നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം** | **ചെലവ് ശതമാനം** |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 1797226 | 8 | 1729226 | 0 | 96.22 |
| വെറ്ററിനറി സർജൻ | 12 | 6102125 | 10 | 3929815 | 2 | 64.4 |
| മെഡിക്കൽ ഓഫീസർ പിഎച്ച് സി | 18 | 7800828 | 14 | 4155498 | 4 | 53.27 |

| | | | | | | |
|---|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ ആയുർവേദം | 3 | 760000 | 3 | 758789 | 0 | 99.84 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 8 | 4887179 | 7 | 3893964 | 1 | 79.68 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 3087410 | 2 | 1643827 | 0 | 53.24 |
| സെക്രട്ടറി | 53 | 21383570 | 22 | 7091707 | 31 | 33.16 |
| ഹെഡ് മാസ്റ്റർ എൽ പി എസ് | 3 | 337769 | 3 | 314368 | 0 | 93.07 |
| വി ഇ ഒ 1 | 7 | 16708000 | 5 | 3585249 | 2 | 21.46 |
| വി ഇ ഒ 2 | 9 | 3604813 | 4 | 156003 | 5 | 4.33 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 122 | 29812946 | 64 | 11912937 | 58 | 39.96 |
| അസി. സെക്രട്ടറി | 18 | 1911147 | 11 | 993020 | 7 | 51.96 |
| ആകെ | 263 | 98193013 | 153 | 40164403 | 110 | 40.90 |

**1-5 തൊഴിലുറപ്പ് പദ്ധതി**

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 41504 | 890,207 | 931711 | 931695 | 16 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 12827526 | 12827526 | 12827526 | 0 |

**1-6 സാമൂഹ്യ സുരക്ഷാ പദ്ധതികൾ**

2023-24 വർഷം ഗ്രാമ പഞ്ചായത്ത് വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 2586000 | 209 |
| വിധവാ പെൻഷൻ | 5141400 | 480 |
| വാർദ്ധക്യകാല പെൻഷൻ | 17116800 | 1590 |
| വികലാംഗ പെൻഷൻ | 2033300 | 180 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 372200 | 34 |
| തൊഴിൽ രഹിത വേതനം | 5040 | 07 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 30000 | 1 |

**1-7 ക്യാഷ് പരിശോധന**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.06.2024-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹5222/- (അയ്യായിരത്തി ഇരുന്നൂറ്റി ഇരുപത്തി രണ്ട് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-8 ആഭ്യന്തരനിയന്ത്രണം**

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളും പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങളും ഫലപ്രദമായി കൊണ്ടുപോകുവാൻ മികച്ച ആഭ്യന്തര നിയന്ത്രണം അനിവാര്യമാണ്. ഇടുക്കി ജില്ലയിൽ 33.33 ചതുരശ്ര കിലോമീറ്റർ മാത്രം വിസ്തീർണ്ണമുള്ള പഞ്ചായത്താണ് കരിമണ്ണൂർ ആകെ വാർഡുകൾ 14, 2011 ലെ സെൻസസ് അനുസരിച്ച് 19675 ആണ് ആകെ ജനസംഖ്യ. ജനസംഖ്യയിൽ പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗം കൂടുതൽ അധിവസിക്കുന്ന പ്രദേശം കൂടിയാണിത്. തനത് വരുമാനം താരതമ്യേന കുറഞ്ഞ പഞ്ചായത്താണ് കരിമണ്ണൂർ അതുകൊണ്ട്തന്നെ സർക്കാർ ഗ്രാന്റുകളാണ് വികസന പ്രവർത്തനങ്ങൾക്ക് ആധാരം. ലഭ്യമായ തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുക്കാനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചുവരുന്നുണ്ട്. ഓഫീസിൽ കൃത്യമായ ജോലി വിഭജനവും, സെക്ഷനുകളുടെ ഉത്തരവാദിത്തങ്ങളും നിർണ്ണയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ജനസേവനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. സേവനങ്ങൾ വേഗത്തിലും കൃത്യതയിലും നൽകാൻ കഴിയുന്നവിധത്തിലുള്ള സോഫ്റ്റ് വെയർ വിന്യസിച്ചിട്ടുണ്ട്.

വാർഷിക കണക്കുമായി ബന്ധപ്പെട്ടുള്ള പരിശോധനക്ക് ആവശ്യമായ രജിസ്റ്ററുകൾ പൂർണ്ണമല്ല. ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനം സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ, രേഖകൾ ലഭ്യമല്ല. കൈമാറി കിട്ടിയ സ്ഥാപനങ്ങൾക്കും, ഗ്രാമപഞ്ചായത്ത് ഓഫീസിലേക്കും വാങ്ങിയിട്ടുള്ള കമ്പ്യൂട്ടറുകളും, ഇലക്ട്രോണിക്സ് ഉപകരണങ്ങളും ഗ്രാമപഞ്ചായത്തിന്റെ ജംഗമ ആസ്തികളിൽ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് നേരിട്ട് ഒടുക്കുന്നില്ലെങ്കിലും ലോണിനത്തിൽ സർക്കാർ ജി.ഒ.പ്രോജക്ടുകൾ പ്രകാരം സോഴ്സിൽ നിന്നും ഈടാക്കുന്ന തുകകളുടെ വിവരം ലോൺ രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപെടുത്തേണ്ടതും, കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് കൂടുതൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. ബജറ്റ് മാനുവലിലെ വ്യവസ്ഥകൾക്കനുസൃതമായാണ് ബജറ്റ്

തയ്യാറാക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ നടപടിക്രമങ്ങൾ കൃത്യതയോടെ രേഖപ്പെടുത്തുന്നതായി കാണുന്നില്ല. പദ്ധതി രൂപീകരണം സംബന്ധിച്ചോ, മോണിറ്ററിംഗ് സംബന്ധിച്ചോ നടന്നിട്ടുള്ള ചർച്ചകളോ, തീരുമാനങ്ങളോ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി നടത്തിപ്പിൽ കൃത്യമായ മോണിറ്ററിംഗ് ഉറപ്പുവരുത്തേണ്ടത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ചുമതലയാണ് എന്നാൽ പ്രൊജക്ട് ഫയലുകളിൽ ഒന്നിലും വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.

പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവശ്യമായ രേഖകൾ കൃത്യമായി തയ്യാറാക്കുന്നുണ്ട് എന്ന് പ്രതിമാസ യോഗങ്ങളിൽ വിലയിരുത്തേണ്ടതാണ്. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും ടി.ആർ.7എ ഫോർമാറ്റിലുള്ള ക്യാഷ് ബുക്ക് ഉപയോഗിച്ച് വിവരങ്ങൾ രേഖപ്പെടുത്തിവരുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്ത് പരിധിയിലെ ടൂറിസം പ്രാധാന്യമുള്ള തൊമ്മൻകുത്തിലെ ടൂറിസം സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്യാവുന്നതാണ്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി ഫീൽഡ്തല പരിശോധനയിലൂടെ കെട്ടിടങ്ങൾക്കുള്ള ഒക്കുപെൻസിക്കുശേഷമുള്ള കൂട്ടിചേർക്കലുകൾ നികുതി വിധേയമാക്കേണ്ടതാണ്. അനധികൃത നിർമ്മാണം കണ്ടെത്തി പിഴ ചുമത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ട് തയ്യാറാക്കുന്നത് മുതൽ പൂർത്തീകരണം വരെയുള്ള പ്രവർത്തനങ്ങൾ കൃത്യമായി മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്. പ്രവൃത്തി നിർവ്വഹിച്ചതിനുശേഷം നീരിക്ഷണകാലയളവിൽ ഉണ്ടാകുന്ന അറ്റകുറ്റപണികൾ പ്രസ്തുത കരാറുകാരനെകൊണ്ട് തന്നെ നിർവ്വഹിപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റികളും വർക്കിംഗ് ഗ്രൂപ്പുകളും അവരുടെ ചുമതലകൾ കൃത്യമായി നിർവ്വഹിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്. പ്രതിമാസ ഓഫീസ് തല യോഗങ്ങളിലൂടെ പ്രായോഗിക വിഷയങ്ങൾ ചർച്ചചെയ്ത് പരിഹാരം കണ്ടെത്തി പദ്ധതി നടത്തിപ്പും, അതോടൊപ്പം പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള അനിവാര്യ ചുമതലകളുടെ നിർവ്വഹണവും കൃത്യതയോടെ നിർവ്വഹിക്കുവാൻ സഹായകമായ പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതാണ്.

**1-9 അനധികൃത കെട്ടിടങ്ങൾ - നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല**

കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് വസ്തു നികുതി ചുമത്തേണ്ടത് എങ്ങനെയാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്ത് പ്രദേശത്തെ അനധികൃത നിർമ്മിതികൾ

കണ്ടെത്തുന്നതിനും അനധികൃത നിർമ്മിതികൾക്കെതിരെ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനും പഞ്ചായത്ത് നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

മേൽ ചട്ടങ്ങളിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് പഞ്ചായത്തിലെ അനധികൃത നിർമ്മിതികളിൽ നിന്ന് വസ്തു നികുതി ഈടാക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം, UA നമ്പർ നൽകി വസ്തു നികുതി ഈടാക്കിയ കെട്ടിടങ്ങളുടെ വിവരം എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/13-06-24) UA രജിസ്റ്റർ ഹാജരാക്കി. രണ്ട് കെട്ടിടങ്ങൾ മാത്രമാണ് അതിൽ ഉൾപ്പെട്ടിരുന്നത്. ലഭ്യമാക്കിയ മറുപടിയിൽ തുടർനടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

അനധികൃത നിർമ്മിതികൾക്കെതിരെ കേരള പഞ്ചായത്ത് രാജ് നിയമം, ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-10 സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല**

ഗ്രാമപഞ്ചായത്തിന്റെ 2023-24 ലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന ക്ഷീരോൽപാദക സഹകരണ സംഘങ്ങളുടെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | നെയ്യശ്ശേരി ക്ഷീരോൽപ്പാദക സഹകരണ സംഘം | I & II |
| 2 | ഏഴുമുട്ടം ക്ഷീരോൽപ്പാദക സഹകരണ സംഘം | I & II |
| 3 | തൊമ്മൻകുത്ത് ക്ഷീരോൽപ്പാദക സഹകരണ സംഘം | I & II |
| 4 | കരിമണ്ണൂർ ക്ഷീരോൽപ്പാദക സഹകരണ സംഘം | I & II |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/13.06.24) സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമായി. തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-11 ജീവനക്കാരുടെ തൊഴിൽ നികുതി, ലൈസൻസ് ഫീസ് അടവാക്കിയില്ല**

ഗ്രാമപഞ്ചായത്തിന്റെ 2023-24 ലെ ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ കൊടുത്തിട്ടുള്ള ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ, പൊതുവിതരണ കേന്ദ്രങ്ങൾ എന്നിവ തൊഴിൽ നികുതി, ലൈസൻസ് പരിധികളിൽ ഉൾപ്പെട്ടിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെട്ടു. 4 ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ പഞ്ചായത്ത് പരിധിയിലുണ്ട്.

1. നെയ്യശ്ശേരി ക്ഷീരോൽപ്പാദക സഹകരണ സംഘം

2. ഏഴല്ലൂർ ക്ഷീരോൽപ്പാദക സഹകരണ സംഘം

3. തൊമ്മൻകുത്ത് ക്ഷീരോൽപ്പാദക സഹകരണ സംഘം

4. കരിമണ്ണൂർ ക്ഷീരോൽപ്പാദക സഹകരണ സംഘം

മേൽ സ്ഥാപനങ്ങളിലെയും പഞ്ചായത്ത് പരിധിയിലുള്ള പൊതുവിതരണ കേന്ദ്രങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/13.06.24) പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിനും സ്ഥാപനങ്ങളെ ലൈസൻസ് എടുപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമായി. തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. മുൻ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ₹1360730/- യും തൻവർഷം ₹1271910/- യുമാണ്. തൊഴിൽ നികുതി ഡിമാന്റിൽ കുറവ് വന്നിട്ടുണ്ടെന്നത് വ്യക്തമാണ്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ പഞ്ചായത്ത് പരിധിയിലുള്ള വ്യക്തികളെയും സ്ഥാപനങ്ങളെയും പരിധിയിലുൾപ്പെടുത്തി തൊഴിൽ നികുതിയിനത്തിലെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-12 സ്ട്രീറ്റ് ടാപ്പുകളുടെ കുടിശിക

കേരള വാട്ടർ അതോറിറ്റിയുടെ 7.2.2024 ലെ ബിൽ നം.82241 പ്രകാരം സ്ട്രീറ്റ് ടാപ്പുകളുടെ വാട്ടർ ചാർജിനത്തിൽ 1,05,553/- ഡിമാന്റ് ചെയ്തിട്ടുണ്ട്. മുൻമാസ കുടിശിക ₹1,45,12,023/- ഫൈൻ ₹2,84,697/- ഉൾപ്പെടെ ₹1,49,02,273/- യാണ് ആകെ അടയ്ക്കുവാനുള്ളതായി ഡിമാന്റ് ചെയ്തിരിക്കുന്നത്. കുടിശിക തുക അടിയന്തിരമായി ക്രമീകരിക്കുന്നതിനും സംയുക്ത പരിശോധന നടത്തി യഥാർത്ഥ ഡിമാന്റ് തുക കണ്ടെത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-13 അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകൾ - തുടർ നടപടി സ്വീകരിക്കണം

അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ ട്രഷറിയിൽ ഒരു എസ്.ടി.എസ്.ബി അക്കൗണ്ട്, ഇ ടെണ്ടർ, GST ആവശ്യത്തിനായി SBI യിൽ ഒരു കറണ്ട് അക്കൗണ്ട് എന്നീ അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് മാത്രമാണ് നിലവിൽ സർക്കാർ അനുമതി നൽകിയിട്ടുള്ളത്.

ഓഡിറ്റിന്റെ ഭാഗമായി അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് ട്രഷറി അക്കൗണ്ടുകളുടെ വിവരങ്ങൾ ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി (5 / 12.06.2024 ) മുഖേന ആവശ്യപ്പെട്ടതിനെത്തുടർന്ന് SBI കരിമണ്ണൂർ ശാഖയിലെ 3035455578-5, 39103572611 എന്നീ ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ

പരിശോധനക്ക് ഹാജരാക്കി.

ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ SBI കരിമണ്ണൂർ ശാഖയിലെ 3035455578-5 നമ്പർ എസ്.ബി അക്കൗണ്ടിൽ 11.06.2024 ന് ₹ 190390.67 യും, ഇ ടെണ്ടർ ഫീ വരവ് വയ്ക്കുന്ന 39103572611 നം. അക്കൗണ്ടിൽ 31.05.2024 ന് ₹ 101100 യും ചെലവഴിക്കാതെ അവശേഷിക്കുന്നതായി സ്റ്റേറ്റ്മെന്റ് പരിശോധനയിൽ വ്യക്തമായി.

അസിസ്റ്റന്റ് എഞ്ചിനിയർ കാഷ്ബുക്ക് എഴുതി സൂക്ഷിക്കാത്തതിനാൽ മേൽ പരാമർശിക്കപ്പെട്ട നീക്കിയിരുപ്പ് തുകകൾ പഞ്ചായത്തിന്റെ ഒരു രേഖയിലും അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. അതിനാൽത്തന്നെ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള എസ്.ബി അക്കൗണ്ടിൽ അവശേഷിക്കുന്ന ₹190390.67/- ഏതിനത്തിലുള്ളതാണ് എന്ന് ഓഡിറ്റിന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക മാത്രമാണ് എഞ്ചിനിയറുടെ അക്കൗണ്ടിലേക്ക് അനുവദിക്കപ്പെടുന്നത്. ഇതിനു പുറമെ ഇ ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കുന്ന തുക മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനിയർക്ക് വരവായി ലഭിക്കുന്നുള്ളൂ. ഇ ടെണ്ടർ അക്കൗണ്ടിന് പുറമെ എസ്.ബി അക്കൗണ്ടിൽ പണം ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട് എന്നതിൽ നിന്ന് മുൻ വർഷങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനിയർക്ക് ലഭിച്ച പണം യഥാസമയം അർഹരായവർക്ക് നൽകുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട് എന്നാണ് വ്യക്തമാകുന്നത്.

അക്കൗണ്ടിൽ ചെലവഴിക്കാതെ പണം അവശേഷിക്കുന്നത്, സർക്കാർ അനുമതിയില്ലാത്ത എസ്.ബി അക്കൗണ്ട് പരിപാലിക്കുന്നത്, ഇ ടെണ്ടർ ഫീ യഥാസമയം പഞ്ചായത്തിന് ഒടുക്ക് വരുത്താത്തത് എന്നീ അപാകതകൾ പരാമർശിച്ച് ഓഡിറ്റ് എൻക്വയറികൾ (9, 10/12.06.2024) നൽകിയതിനെത്തുടർന്ന് അക്കൗണ്ടുകളിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന പണം ₹291490.67 (190390.67+101100) പഞ്ചായത്ത് തനത് ഫണ്ടിൽ ഒടുക്ക് വരുത്തിയതായും, സർക്കാർ അനുമതിയില്ലാത്ത എസ്.ബി അക്കൗണ്ട് ക്ലോസ് ചെയ്യുന്നതാണ് എന്നും അസിസ്റ്റന്റ് എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ അനുമതിയില്ലാത്ത എസ്.ബി അക്കൗണ്ട് ക്ലോസ് ചെയ്ത് വിവരം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-14 അസിസ്റ്റന്റ് എഞ്ചിനിയർ കാഷ്ബുക്ക് എഴുതിയിട്ടില്ല.

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് കാഷ്ബുക്ക്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം ഉത്തരവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള

കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്.

അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിന്റെ 2023-24 സാമ്പത്തിക വർഷത്തെ വരവ് ചെലവ് രേഖകൾ പരിശോധിച്ചതിൽ ഓഫീസിൽ കാഷ്ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല എന്ന് വ്യക്തമായി.

സർക്കാർ നിർദ്ദേശപ്രകാരം കാഷ്ബുക്ക് എഴുതി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 9/12.06.2024 ) ന് കാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

**1-15 <u>പ്രികാസ്റ്റ് കോൺക്രീറ്റ് പേവർ ബ്ലോക്ക്- ഡിഫക്റ്റ് ലയബിലിറ്റി കാലയളവ് കുറവായി നിശ്ചയിച്ചു.</u>**

Finance (Inspection Wing -Technical) Department ന്റെ 06.04.2022 ലെ 31/2022- Fin നം സർക്കുലർ പ്രകാരം സംസ്ഥാനത്ത് പ്രികാസ്റ്റ് കോൺക്രീറ്റ് പേവർ ബ്ലോക്ക് ഉപയോഗിച്ചുള്ള റോഡ്, യാർഡ്, ഫുട്പാത്ത് പ്രവൃത്തികൾക്ക് 5 വർഷത്തിൽ കുറയാത്ത ഡിഫക്റ്റ് ലയബിലിറ്റി കാലയളവ് ഉണ്ടായിരിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണോദ്യോഗസ്ഥയായി 2023-24 ൽ നടപ്പാക്കിയ പ്രികാസ്റ്റ് കോൺക്രീറ്റ് പേവർ ബ്ലോക്ക് ഉപയോഗിച്ചുള്ള എല്ലാ പ്രവൃത്തികൾക്കും 2 വർഷം മാത്രമാണ് ഡിഫക്റ്റ് ലയബിലിറ്റി കാലയളവായി നിശ്ചയിച്ചിട്ടുള്ളത്.

മേൽ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/ 12.06.2024) ഡിഫക്റ്റ് ലയബിലിറ്റി കാലയളവ് സംബന്ധിച്ച മേൽ സർക്കുലർ ശ്രദ്ധയിൽപ്പെടാത്തത് കൊണ്ടാണ് കാലയളവ് കുറവായി നിശ്ചയിച്ചത് എന്നും, 2023-24 ൽ നടപ്പാക്കിയ പ്രവൃത്തികളുടെ ഡിഫക്റ്റ് ലയബിലിറ്റി കാലയളവ് 5 വർഷമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നും അസിസ്റ്റന്റ് എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പ്രികാസ്റ്റ് കോൺക്രീറ്റ് പേവർ ബ്ലോക്ക് പ്രവൃത്തികൾക്ക് സർക്കാർ നിർദ്ദേശത്തിനനുസരിച്ച് ഡിഫക്റ്റ് ലയബിലിറ്റി കാലയളവ് നിശ്ചയിച്ച് പ്രവൃത്തി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-16 <u>ടെണ്ടർ തുറക്കൽ - ചട്ടത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല</u>**

ഗ്രാമപഞ്ചായത്തുകളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തേണ്ടത് കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ സ്വീകരിക്കുന്ന നടപടി ക്രമങ്ങൾ ഈ ചട്ടങ്ങളിലെ ചട്ടം 10 ൽ വ്യക്തമായി പരാമർശിക്കുന്നുണ്ട്.

ടെണ്ടർ തുറക്കുമ്പോൾ ടെണ്ടർ സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ട നടപടികൾ താഴെ പറയും പ്രകാരം ചട്ടത്തിൽ വ്യക്തമാക്കുന്നുണ്ട്.

* ഓരോ ടെണ്ടറിലും അത് നൽകിയ ആൾ വരുത്തിയിട്ടുള്ളതും സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമായ തിരുത്തലുകൾ ഉണ്ടെങ്കിൽ അവയ്ക്കുനേരെ ടെണ്ടർ തുറക്കുന്ന ഉദ്യോഗസ്ഥൻ ക്രമനമ്പർ രേഖപ്പെടുത്തി ചുരുക്കൊപ്പ് വയ്ക്കേണ്ടതാണ്. സാക്ഷ്യപ്പെടുത്താത്ത തിരുത്തലുകൾ ഉണ്ടെങ്കിൽ ആ തിരുത്തലുകളെപ്പറ്റി ടെണ്ടറിൽ രേഖപ്പെടുത്തേണ്ടതാണ്. [ചട്ടം 10 (7)]

* ടെണ്ടർ തുറക്കുന്നയാൾ ടെണ്ടറിൽ സ്വന്തം കൈപ്പടയിൽ കരാറുകാരൻ രേഖപ്പെടുത്തിയിട്ടുള്ള ടെണ്ടർ നിരക്കിന്റെ ശതമാനം അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തി കയ്യൊപ്പ് വയ്ക്കേണ്ടതാണ് [ചട്ടം 10(8)].

പഞ്ചായത്തിൽ മാന്വൽ ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. ടെണ്ടറിൽ ഉദ്യോഗസ്ഥൻ യാതൊരു സാക്ഷ്യപ്പെടുത്തലും നടത്തിയിട്ടില്ല. ഏതാനും പ്രവൃത്തികളുടെ ടെണ്ടറുകളിൽ അസിസ്റ്റന്റ് എഞ്ചിനിയർ സാക്ഷ്യപ്പെടുത്താത്ത തിരുത്തലുകൾ കണ്ടെത്തുകയും ചെയ്തു.

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 8/12.06.2024) അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ടെണ്ടർ നടപടികളിൽ ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കേണ്ടതാണ്.

**1-17 ജില്ലാ പഞ്ചായത്തിന്റെ ആസ്തിയിൽ റോഡ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ചു**

മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച സ.ഉ(കൈ) നം 90/ 2023/ LSGD Dt 09.04.2023 നം. ഉത്തരവ് പ്രകാരം അതത് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട റോഡുകളിൽ മാത്രമേ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ റോഡ് മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ച് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കാനാവൂ എന്ന് വ്യക്തമായിട്ടുണ്ട് (ഖണ്ഡിക 3. 8 ).

2023-24 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ റോഡ് മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ താഴെ പരാമർശിക്കുന്ന പ്രവൃത്തികൾ ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ട റോഡിലാണ് നടത്തിയത്.

| പ്രവൃത്തി | ആകെ ചെലവ് | MG ( R ) ചെലവ് |
|---|---|---|
| കുറുമ്പാലമറ്റം കോട്ടക്കവല റോഡ് നവീകരണം വാർഡ് 6 (95/ 24 ) | 164252 | 164252 |

| | | |
|---|---|---|
| കുറുമ്പാലമറ്റം കോട്ടക്കവല റോഡ് വാർഡ് 6 (197/ 24) | 299707 | 284072 (23100952004400583436/ 23.09.23) |

ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/ 13.06.2024 ) ലഭ്യമാക്കിയ മറുപടിയിൽ ജില്ലാപഞ്ചായത്തിന്റെ അധീനതയിലുള്ള മേൽ റോഡ് പുനരുദ്ധാരണം അനിവാര്യമായതിനാലും, പഞ്ചായത്തിന് മറ്റ് ഫണ്ട് ലഭ്യത ഇല്ലാത്തതിനാലുമാണ് ഡി.പി.സി അംഗീകാരത്തോടെ പ്രവൃത്തി നടപ്പാക്കിയത് എന്നാണ് മറുപടി ലഭ്യമാക്കിയത്.

മെയിന്റനൻസ് ഗ്രാന്റ് വിനിയോഗത്തിൽ സർക്കാർ നിർദ്ദേശം കർശനമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-18 വിട്ടു കിട്ടിയ സ്ഥാപനങ്ങളുടെ ദൈനംദിന ചെലവുകൾ - ചെലവുകൾ നിരീക്ഷിക്കുന്നില്ല**

പ്രോജക്ട് നം.139/24

അടങ്കൽ-700000/-

ചെലവ്-

| ബിൽ നം | തീയതി | തുക |
|---|---|---|
| 23100952004100435419 | 11.08.23 | 200000 |
| 23100952004100677164 | 19.10.23 | 60000 |
| 23100952004100747690 | 01.11.23 | 90000 |
| 23100952004101052553 | 10.01.24 | 25000 |
| 23100952004101208538 | 13.02.24 | 15000 |
| 23100952004101221410 | 15.02.24 | 30000 |
| ആകെ | | 420000 |

തുക കൈപ്പറ്റിയ സ്ഥാപനങ്ങൾ

| ക്രമ നം. | പേര് | തുക |
|---|---|---|
| 1 | കുടുംബാരോഗ്യ കേന്ദ്രം | 100000 |
| 2 | ഹോമിയോ ആശുപത്രി | 25000 |

| | | |
|---|---|---|
| 3 | വെറ്റിനറി ആശുപത്രി | 40000 |
| 4 | സർക്കാർ യു പി സ്കൂൾ | 50000 |
| 5 | ആയുർവേദ ആശുപത്രി | 25000 |
| 6 | കൃഷി ഓഫീസ് | 90000 |
| 7 | ഐ. സി. ഡി. എസ്. | 90000 |
| | ആകെ | 420000 |

വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ദൈനംദിന ചെലവിനായി നല്കുന്ന തുകയ്ക്ക് ലഭിക്കുന്ന വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് യഥാർത്ഥ ദൈനംദിന ചെലവിനാണോ പ്രസ്തുത തുക ഉപയോഗിച്ചത് എന്നും പൂർണ്ണമായും തുക ഉപയോഗിച്ചത് തന്നെയാണോ എന്നും പഞ്ചായത്ത് ഉറപ്പ് വരുത്തുന്നില്ല. ദൈനംദിന ചെലവുകൾക്കായി യു. പി. സ്കൂൾ ഹെഡ് മാസ്റ്ററുടെ പേരിൽ സ്റ്റേറ്റ് ബാങ്കിൽ നിലവിലുള്ള 57044918212 നമ്പർ അക്കൗണ്ടിൽ ₹19385/- ഇപ്പോഴും ചെലവാകാതെ അവശേഷിക്കുന്നത് ഇതിനുദാഹരണമാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

**1-19 ഗവ. യു.പി. സ്കൂളിന് പ്രൊജക്ടർ വാങ്ങൽ-സർക്കാർ നിർദേശങ്ങൾ പാലിച്ചില്ല**

ഹെഡ്മിസ്ട്രസ് നിർവഹണം നടത്തിയ പ്രൊജക്ടായിരുന്ന ഗവ. യു.പി. സ്കൂളിന് പ്രൊജക്ടർ വാങ്ങൽ. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥ | ഹെഡ് മിസ്ട്രസ് |
| ഫണ്ടിനം | മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ് |
| അടങ്കൽ | 100000 |
| ചെലവ് | 96638 |
| ബിൽ നം., തീയതി | 2310095200380142152З/21.3.2024 |

ഗവ. യുപി സ്കൂളിലേക്ക് 2 മൾട്ടിമീഡിയ പ്രൊജക്ടറുകളും 2 വാൾ ടൈപ്പ് പുൾഡൗൺ പ്രൊജക്ഷൻ സ്ക്രീനും 2 പ്രൊജക്ടർ സീലിംഗ് മൗണ്ട് കിറ്റും പ്രൊജക്ടിന്റെ ഭാഗമായി കെ.എം. ടെക്നോളജീസ്, വടവാതൂർ എന്ന സ്ഥാപനത്തിൽ നിന്നും ജെം മുഖേന വാങ്ങൽ നടത്തി. സ്കൂളുകൾക്കും ഓഫീസുകൾക്കും ആവശ്യമായ ഐ.സി.ടി. ഉപകരണങ്ങൾ വാങ്ങൽ സംബന്ധിച്ച മാർഗനിർദേശങ്ങൾ സ.ഉ. (സാധാ)നം. 3847/2019 /പൊ.വി.വ. തീയതി 27.09.19 , സ.ഉ. (സാധാ)നം. 818/2023/GEDN തീയതി 30.01.23 എന്നീ സർക്കാർ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. പ്രൊജക്ടിന്റെ നിർവഹണത്തിൽ താഴെ കൊടുത്തിട്ടുള്ള അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. മേൽ സർക്കാർ ഉത്തരവുകൾ പ്രകാരം വാങ്ങലുകളുടെ റേറ്റുകളുടെ പരമാവധി തുക നൽകിയിട്ടുണ്ട്. ആയതിൽ നിന്നും അധികരിച്ചാണ് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളതെന്ന് കാണുന്നു. വിശദാംശങ്ങൾ

ചുവടെ ചേർക്കുന്നു.

| ഇനം | ഉത്തരവ് പ്രകാരം അനുവദനീയമായ പരമാവധി തുക (ടാക്സ് ഉൾപ്പെടെ) | പ്രൊജക്ട് പ്രകാരം സ്ഥാപനത്തിന് അനുവദിച്ച തുക | അധികമായി അനുവദിച്ച തുക (2 എണ്ണത്തിന്) |
|---|---|---|---|
| മൾട്ടിമീഡിയ പ്രൊജക്ടർ | 31248 | 31919 | 1342 |
| വാൾ ടൈപ്പ് പുൾഡൗൺ പ്രൊജക്ഷൻ സ്ക്രീൻ | 3000 | 11400 | 16800 |

അനുവദനീയമായ തുകയിൽ അധികരിച്ചാണ് ഉപകരണങ്ങൾക്കായി ചെലവഴിച്ചിട്ടുള്ളത്.

2. സർക്കാർ ഉത്തരവ് പ്രകാരം നിർദേശിച്ചിട്ടുള്ള വാറന്റി കാലാവധിയിൽ കുറവായാണ് ഉപകരണങ്ങൾ വിതരണം നടത്തിയ സ്ഥാപനം ലഭ്യമാക്കിയിട്ടുള്ളതെന്ന് ബിൽ, ജെം കോൺട്രാക്ട് രേഖകളിൽ കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സർക്കാർ നിർദേശങ്ങൾ പ്രകാരമുള്ള വാറന്റി ലഭ്യമായിട്ടില്ലെന്ന് കാണുന്നു.

3. മാർഗനിർദേശങ്ങൾക്ക് അനുസൃതമായി സംസ്ഥാന സർക്കാർ റേറ്റ് കോൺട്രാക്ട് ഏജൻസിയായി നിശ്ചയിച്ചുള്ള കെൽട്രോൺ വഴിയോ, സി.പി.ആർ.സി,എസ് പോർട്ടൽ വഴിയോ വാങ്ങൽ നടത്തേണ്ടതാണെന്ന് സ.ഉ. (സാധാ)നം. 3847/2019/പൊ.വി.വ. തീയതി 27.09.19 ക്രമ നം. 9, ക്രമ നം. 11 എന്നിവയിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും വ്യത്യസ്ഥമായി വാങ്ങൽ നടത്തിയത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് (4/12.6.24) നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. വ്യക്തമായ സർക്കാർ നിർദേശങ്ങൾ ലഭ്യമാക്കിയിട്ടും ആയതിൽ നിന്നും വ്യതിചലിച്ച് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത് അംഗീകരിക്കാവുന്ന നടപടിയല്ല. സർക്കാർ നിർദേശങ്ങൾ പാലിച്ച് മാത്രം പദ്ധതികൾ നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-20 ഗവ. യു.പി. സ്കൂളിന് ലാപ് ടോപ്പ് വാങ്ങൽ-സർക്കാർ നിർദേശങ്ങൾ പാലിച്ചില്ല**

ഹെഡ് മിസ്ട്രസ് നിർവഹണം നടത്തിയ പ്രൊജക്ടായിരുന്ന ഗവ. യു.പി. സ്കൂളിന് ലാപ് ടോപ്പ് വാങ്ങൽ. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥ | ഹെഡ് മിസ്ട്രസ് |
| ഫണ്ടിനം | മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡ് |
| അടങ്കൽ | ₹87769/- |
| ചെലവ് | ₹84998/- |
| ബിൽ നം., തീയതി | 23100952003801421484/21.3.2024 |

പ്രൊജക്ടിന്റെ ഭാഗമായി, ഗവ. യുപി സ്കൂളിലേക്ക് 2 ലാപ് ടോപ്പ് കെ.പി.എസ് ഇന്നോവേഷൻസ് എന്ന സ്ഥാപനത്തിൽ നിന്നും ജെം മുഖേന വാങ്ങൽ നടത്തി. സ്കൂളുകൾക്കും ഓഫീസുകൾക്കും ആവശ്യമായ ഐ.സി.ടി ഉപകരണങ്ങൾ വാങ്ങൽ സംബന്ധിച്ച മാർഗനിർദേശങ്ങൾ സ.ഉ. (സാധാ)നം. 3847/2019/ പൊ.വി.വ തീയതി 27.09.2019, സ.ഉ. (സാധാ)നം. 818/2023/GEDN തീയതി 30.01.23 എന്നീ സർക്കാർ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവുകൾ പ്രകാരം ലാപ്ടോപ്പിന് അനുവദനീയമായ പരമാവധി നിരക്ക് (നികുതി ഉൾപ്പെടെ) ₹35207/- ആണ്. എന്നാൽ രണ്ട് ലാപ്ടോപ്പുകൾക്കായി അനുവദിച്ച തുക ₹84998/- ( 2x42499) ആണ്. അധികമായി അനുവദിച്ച തുക ₹14584/- ആണ്. കൂടാതെ 5 വർഷത്തെ ഓൺ സൈറ്റ് വാറന്റി (ബാറ്ററി, ചാർജർ ഉൾപ്പെടെ) ഉത്തരവ് പ്രകാരം ലഭ്യമാക്കേണ്ടതാണെങ്കിലും ലാപ് ടോപ്പിന് 3 വർഷവും ബാറ്ററിക്ക് 1 വർഷവുമാണ് സ്ഥാപനം ലഭ്യമാക്കിയിട്ടുള്ളത്. മാർഗനിർദേശങ്ങൾക്ക് അനുസൃതമായി സംസ്ഥാന സർക്കാർ റേറ്റ് കോൺട്രാക്ട് ഏജൻസിയായി നിശ്ചയിച്ചുള്ള കെൽട്രോൺ വഴിയോ, സി.പി.ആർ.സി.എസ് പോർട്ടൽ വഴിയോ വാങ്ങൽ നടത്തേണ്ടതാണെന്ന് സ.ഉ. (സാധാ)നം. 3847/2019/പൊ.വി.വ. തീയതി 27.09.2019 ക്രമ നം. 9, ക്രമ നം. 11 എന്നിവയിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും വ്യത്യസ്തമായി വാങ്ങൽ നടത്തിയത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് (3/12.06.24) നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. വ്യക്തമായ സർക്കാർ നിർദേശങ്ങൾ ലഭ്യമാക്കിയിട്ടും ആയതിൽ നിന്നും വ്യതിചലിച്ച് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത് അംഗീകരിക്കാവുന്ന നടപടിയല്ല. സർക്കാർ നിർദേശങ്ങൾ പാലിച്ച് മാത്രം പദ്ധതികൾ നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

**1-21 ലൈഫ് ഭവന പദ്ധതി ചെലവ് വിവരം യഥാവിധി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല**

| | |
|---|---|
| പ്രോജക്ട് | 31/24, ലൈഫ് ഭവന പദ്ധതി പട്ടികജാതി |
| അടങ്കൽ | ₹4500000 |
| നിർവ്വഹണം | വി.ഇ.ഒ. കരിമണ്ണൂർ സർക്കിൾ |

| | |
|---|---|
| ചെലവ് | ₹ 1685000 |

വി.ഇ.ഒ. കരിമണ്ണൂർ സർക്കിൾ നടപ്പാക്കിയ ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് തുക അനുവദിക്കുന്നത് ഗുണഭോക്താക്കളുടെ രജിസ്റ്ററിൽ യഥാവിധി രേഖപ്പെടുത്തൽ നടത്തുന്നില്ല. ഉദാഹരണത്തിന് ഷൈല പി.എൻ., തട്ടുപറമ്പിൽ, തൊമ്മൻകുത്ത് പി.ഒ. എന്ന പട്ടികജാതി വിഭാഗത്തിലെ ഗുണഭോക്താവിന് താഴെ പറയുന്ന ബിൽ /വൗച്ചർ പ്രകാരം നൽകിയ തുകയുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | വൗച്ചർ നം./ബിൽ നം. | തീയതി | തുക |
|---|---|---|---|
| ഷൈല പി.എൻ. | 22300760 | 14.11.2023 | 50000 |
| | 23100952005000131817 | 26.05.2023 | 150000 |

ചെലവഴിച്ച തുകയുടെ പൂർണ്ണമായ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി രജിസ്റ്ററിലെ പേജ് നമ്പർ ബിൽ പകർപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ ഓരോ ഗുണഭോക്താക്കൾക്കും അനുവദിച്ച ആകെ തുകയുടെ കൃത്യത ഉറപ്പാക്കുവാൻ കഴിയുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ അപ്രതീക്ഷിതമായി ശാരീരിക ബുദ്ധിമുട്ടുകൾ മൂലം താല്ക്കാലികമായി ജോലിയിൽ നിന്നും വിട്ടുനിൽക്കേണ്ടി വന്നതിനാലാണ് രജിസ്റ്റർ പൂർത്തീകരിക്കുവാൻ കഴിയാത്തതെന്നും ജോലിയിൽ പുനഃപ്രവേശിക്കുമ്പോൾത്തന്നെ രജിസ്റ്ററുകൾ പൂർത്തീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മറുപടി അംഗീകരിക്കുന്നു. ലൈഫ് ഭവന പദ്ധതിക്കായി ചെലവഴിച്ച മുഴുവൻ തുകയും രജിസ്റ്ററിൽ അതാത് ഗുണഭോക്താക്കളുടെ പേജിൽ കൃത്യതയോടെ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-22 അഡ്വാൻസ് ക്രമീകരിക്കാത്തത്

2023-24 -ൽ നൽകിയ അഡ്വാൻസ് തുകകളിൽ താഴെപറയുന്ന തുകകൾ നാളിതുവരെയായി ക്രമീകരിച്ചിട്ടില്ല. പ്രസ്തുത മുൻകൂറുകൾ ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

1. വിവിധ ആവശ്യങ്ങൾക്കായി സെക്രട്ടറി നൽകിയ മുൻകൂറുകൾ

| ക്രമ നം. | വൗച്ചർ നം. | ഇനം/ പേര് വിവരം | തുക ₹ |
|---|---|---|---|
| 1 | 22300085/25.4.23 | വാഹന വാടക, ജോസ് മാത്യു | 14020/- |
| 2 | 22300341/6.7.23 | മരം മുറിക്കൽ, സജി ജോർജ് | 3000/- |

| | | | |
|---|---|---|---|
| 3 | 22300975/28.1.24 | റിഫ്രഷ്മെന്റ്, സജി നെൽസൻ | 1200/- |
| 4 | 2230105/16.2.24 | റിഫ്രഷ്മെന്റ്, ദിവ്യ | 5500/- |
| | | ആകെ | 23720 |

2. ഇംപ്ലിമെന്റിംഗ് ഓഫീസർമാർക്ക് നൽകിയ അഡ്വാൻസ് തുകകൾ ക്രമീകരിക്കാത്തത്

| ക്രമ നം. | വൗച്ചർ നം. | ഇനം/ പേര് വിവരം | തുക ₹ |
|---|---|---|---|
| 1 | 22300145/9.5.23 | MO, FHC, Pree Mansoon Cleaning | 140000 |
| 2 | 22300168/19.5.23 | Vehicle Hirecharge, Jose Mathew | 6300 |
| 3 | 22300261/13.6.23 | Vehicle Hirecharge, Jose Mathew | 14500 |
| 4 | 22300230/13.6.23 | Town Cleaning, Shaji A Shaji | 61125 |
| 5 | 22300296/6.7.23 | Town Cleaning, Shaji A Shaji | 31500 |
| 6 | 22300357/13.7.23 | Vehicle Hirecharge, Jose Mathew | 5280 |
| 7 | 22300483/19.8.23 | Vehicle Hirecharge, Jose Mathew | 6030 |
| 8 | 22300565/18.9.23 | Vehicle Hirecharge, Jose Mathew | 5430 |
| 9 | 22300636/9.10.23 | Vehicle Hirecharge, Jose Mathew | 10440 |
| 10 | 22300745/10.11.23 | Vehicle Hirecharge, Jose Mathew | 12280 |
| 11 | 22300844/16.12.23 | Vehicle Hirecharge, Jose Mathew | 6590 |
| 12 | 22300947/20.1.24 | Vehicle Hirecharge, Jose Mathew | 9480 |
| 13 | 22301085/27.2.24 | Vehicle Hirecharge, Jose Mathew | 12500 |
| 14 | 22301219/19.3.24 | Vehicle Hirecharge, Jose Mathew | 12480 |
| | | Total | 333935 |

3. ബ്ലോക്ക് പഞ്ചായത്ത് സംയുക്ത പദ്ധതി - ആകെ വരവ് 1,618,468.00 (അക്കൗണ്ട് ഹെഡ് I-6, 160300102) മാത്രമാണ്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം 1717518/- ചെലവ് വന്നിട്ടുണ്ട്. വരവിനേക്കാൾ കൂടുതൽ ചെലവ് (99050/- വ്യത്യാസം) വരാനുണ്ടായ കാരണം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/14.6.24) പ്രസ്തുത തുക പാലിയേറ്റീവ് പരിചരണം എന്ന പദ്ധതിയ്ക്കായി (24/2024) മെഡിക്കൽ ഓഫീസർക്ക് മുൻകൂർ നൽകിയതാണെന്നും, ആയത് ക്രമീകരിക്കാൻ അവശേഷിക്കുന്നുവെന്നും അറിയിച്ചിട്ടുണ്ട്. മുൻകൂർ തുക ക്രമീകരിച്ച് അക്കൗണ്ട് കൃത്യമാക്കി അറിയിക്കേണ്ടതും അല്ലാത്തപക്ഷം പിഴസഹിതം തിരികെ ഈടാക്കേണ്ടതുമാണ്.

**1-23 പഞ്ചായത്ത് ഓഫീസിന് സോളാർ പാനൽ സ്ഥാപിക്കലും അനുബന്ധ പ്രവൃത്തികളും- തുക ഒടുക്കിയെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടില്ല-ചെലവ് തടസ്സം**

പ്രോജക്ട് നം.172/2024

നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

അടങ്കൽ- ₹985200

ചെലവ് – ₹770000 (XVFC/2023-24/P/63 Dt.12.03.24)

8 കിലോവാട്ട് ശേഷിയുള്ള ഓൺഗ്രിഡ് സൗരോർജനിലയത്തിന് അനെർട് ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം ബിൽ തയ്യാറാക്കി തുക നല്കിയിരിക്കുന്നു. 10 കിലോവാട്ട് ഹൈബ്രിഡ് സിസ്റ്റമാണ് പഞ്ചായത്തിന് വേണ്ടതെന്നും ആയതിനായി പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കാനും ആവശ്യപ്പെട്ട് 30.04.2024 ൽ പഞ്ചായത്ത് അനർട്ടിന് കത്ത് നല്കിയതിന്റെ അടിസ്ഥാനത്തിൽ ₹1188000/- ന്റെ പുതിയ എസ്റ്റിമേറ്റ് 04.05.2024 ന് ലഭ്യമായിട്ടുണ്ട്. പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചു കൊണ്ട് ഗ്രാമ പഞ്ചായത്തും അനർട്ടും തമ്മിൽ ഇതുവരെയും കരാർ ഒപ്പ് വച്ചിട്ടില്ല. യഥാസമയം കരാർ വയ്ക്കുന്നതിനും മതിയായ തുക ഉൾക്കൊള്ളിച്ച് സ്പിൽ ഓവർ പ്രോജക്ട് ഏറ്റെടുത്ത് പദ്ധതി പൂർത്തിയാക്കുന്നതിനും ശ്രദ്ധ പുലർത്തേണ്ടതാണ്. പദ്ധതി പൂർത്തിയാകുന്നതു വരേയ്ക്കും ₹770000/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-24 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ- മരുന്ന് പൂർണ്ണമായും ലഭ്യമായില്ല**

പ്രോജക്ട് നം. 135/24

അടങ്കൽ.₹300000/-

ചെലവ്.₹300000/-ബിൽ നം.23100952004100998925 തീ.26.12.23

ഹോമിയോ ആശുപത്രിക്ക് ആവശ്യമായ മരുന്നുകൾക്കായി ആകെ ₹300000/- മേൽ ബിൽ പ്രകാരം ഹോംകോ ആലപ്പുഴയുടെ പേരിൽ ഒടുക്കിയിട്ടുണ്ടെങ്കിലും ആകെ ₹118000/- യുടെ മരുന്നുകൾ മാത്രമാണ് ഓഡിറ്റ് തീയതിയ്ക്കകം ലഭിച്ചിട്ടുള്ളത്. ശേഷിക്കുന്ന ₹182000/- യുടെ മരുന്നുകൾ കൂടി ലഭ്യമാക്കി സ്റ്റോക്കിൽ ചേർത്ത് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**1-25 മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ - അവലോകനം**

**I. ആമുഖം**

കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം ഗ്രാമപ്പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ് മാലിന്യ സംസ്കരണം. ജൈവ, അജൈവ മാലിന്യങ്ങൾ, ഖര, ദ്രവ, വാതക മാലിന്യങ്ങൾ എന്നിങ്ങനെ വിവിധ തരം മാലിന്യങ്ങൾ ഉണ്ടെങ്കിലും കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ നിലവിലെ സ്ഥിതി

പരിഗണിക്കുമ്പോൾ ദ്രവ, വാതക മാലിന്യങ്ങൾ ഗൗരവതരമായ ഒരു പ്രശ്നമല്ല. നിലവിലെ അവസ്ഥയിൽ ജൈവ, അജൈവ ഖര മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ ആണ് പഞ്ചായത്തിന്റെ അടിയന്തിര ശ്രദ്ധ പതിയേണ്ടത്. ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഉറവിട മാലിന്യ സംസ്കരണത്തിന് പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങളാണ് പഞ്ചായത്ത് നടപ്പിലാക്കി വരുന്നത്. ഗ്രാമ പ്രദേശമായതിനാൽ ഉറവിട ജൈവ മാലിന്യ സംസ്കരണം ഏറക്കുറെ ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കുന്നുമുണ്ട്. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങളുടെ സംസ്കരണമാണ് നിലവിൽ ഗ്രാമപ്പഞ്ചായത്ത് നേരിടുന്ന ഗൗരവമായ വെല്ലുവിളി.

സംസ്ഥാനത്തിന്റെ സുസ്ഥിര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ഭാഗമായി അജൈവ മാലിന്യ നിർമാർജ്ജനം ലക്ഷ്യമിട്ട് നടപ്പിലാക്കി വരുന്ന നൂതന സംരംഭമാണ് ഹരിത കർമ്മസേന. ഹരിത കേരള മിഷൻ, കുടുംബശ്രീ, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, പൊല്യൂഷൻ കൺട്രോൾ ബോർഡ്, എന്നിവ സംയോജിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പ്രാവർത്തികമാക്കുന്ന ഈ പദ്ധതി തൊഴിൽ സംരംഭക ഗ്രൂപ്പുകളിലൂടെയാണ് നടപ്പിലാക്കുന്നത്. ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന കാമ്പയിനിന്റെ ഭാഗമായാണ് ഹരിത കർമ്മസേന – തൊഴിൽ സംരംഭക ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. ഹരിത കർമ്മസേന യുടെ രൂപീകരണം സംബന്ധിച്ച് 15.07.2017 ലെ സ.ഉ (സാധാ) നം.2420/2017/ ത.സ്വ.ഭ.വ ഉത്തരവിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ - കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.04.2018 ലെ 10394/D-2017/KSHO നമ്പർ ഉത്തരവിലൂടെ ഹരിത കർമ്മസേന മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നതിനും, പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള മാർഗ്ഗനിർദേശങ്ങൾ അടങ്ങിയ പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. നവകേരള നിർമാണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനം ഏറ്റെടുത്തിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങളായ പാർപ്പിടം, കുടിവെള്ളം, മാലിന്യ സംസ്കരണം, പൊതുജനാരോഗ്യം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ മേഖലകളിൽ ഗ്രാമപഞ്ചായത്ത് വിവിധ പ്രോജക്ടുകളിലൂടെ ശ്രദ്ധേയമായ നേട്ടങ്ങൾ ഇതിനോടകം കൈവരിച്ചിട്ടുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പിന് കീഴിലുള്ള മൂന്നാം പട്ടികയിൽ പ്രതിപാദിക്കുന്ന, ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ട വിഷയമാണ് മാലിന്യ സംസ്കരണം. മുൻകാലങ്ങളിൽ നിരത്തുകൾ വൃത്തിയാക്കുന്നതിൽ മാത്രം ഒതുങ്ങി നിന്നിരുന്ന മാലിന്യ സംസ്കരണ നടപടികൾ നിലവിൽ അവയുടെ ഉറവിടങ്ങളിലേക്ക് എത്തി ശാസ്ത്രീയമായി സംസ്കരിച്ച് പരിസ്ഥിതിയ്ക്ക് അനുയോജ്യമായ രീതിയിൽ പരിപാലിയ്ക്കുന്ന നിലയിലേയ്ക്ക് എത്തിച്ചേർന്നിട്ടുണ്ട്. 14 വാർഡുകൾ ഉൾക്കൊള്ളുന്നതും 33 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ളതുമായ കരിമണ്ണൂർ ഗ്രാമപഞ്ചായത്തിൽ ആകെ 4874 വീടുകളും 374 വാണിജ്യ സ്ഥാപനങ്ങളുമാണുള്ളത്. ആകെ ജനസംഖ്യ 19675 ആണ്. ഒരു വാർഡിൽ രണ്ട് വീതം 14 വാർഡുകളിലേക്കായി 28

ഹരിതകർമ്മസേനാംഗങ്ങൾ മാലിന്യ സംസ്കരണത്തിൽ പങ്കാളികളാകുന്നു. ലഭ്യമാക്കിയ കണക്കുകൾ പ്രകാരം വീടുകളും മുഴവൻ വാണിജ്യ സ്ഥാപനങ്ങളും മാലിന്യ പരിപാലന പ്രക്രിയയുമായി സഹകരിക്കുന്നുണ്ട്.

മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് കരിമണ്ണൂർ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ ചുവടെ വിവരിക്കുന്നു.

1.) 40.5 M2 വിസ്തീർണ്ണമുള്ള എം.സി.എഫ് സ്ഥാപിച്ചിട്ടുണ്ട് .85m2 വിസ്തീർണ്ണമുള്ള മറ്റൊരു എം.സി.എഫിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു.

2.) എല്ലാ വാർഡിലും മിനി എം.സി.എഫ് സ്ഥാപിച്ചിട്ടുണ്ട്.

**2ഹരിത കർമ സേന പ്രവർത്തനങ്ങൾ**

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 12.08.2020ലെ ജി.ഒ.(ആർ.ടി.)1496/2020 നമ്പർ ഉത്തരവ് പ്രകാരം രൂപീകൃതമായ ഹരിത കർമ സേനയുടെ പ്രവർത്തനങ്ങൾ മാലിന്യ സംസ്കരണ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്. ആകെ 28 സേനാംഗങ്ങളാണ് നിലവിലുള്ളത്. സ്മാർട്ട് ഗാർബേജ് ആപ്പ് മുഖേന മാലിന്യ ശേഖരണത്തിൽ സാങ്കേതിക വിദ്യയുടെ വിന്യാസവും സാധ്യമാക്കിയിട്ടുണ്ട്. സ്മാർട്ട് ഗാർബേജ് സിസ്റ്റം നടപ്പാക്കിയതിലൂടെ എല്ലാവീടുകളിലും സ്ഥാപനങ്ങളിലും ക്യൂ.ആർ കോഡ് പതിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വീടുകളിൽനിന്നും ₹50/-, സ്ഥാപനങ്ങളിൽ നിന്നും ₹100/- എന്ന നിരക്കിൽ യൂസർ ഫീ ഈടാക്കി ഇവർ വീടുകളിൽ നിന്നും, വ്യാപാര സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ (പ്ലാസ്റ്റിക് കുപ്പിച്ചില്ല്, റബ്ബർ ഉത്പന്നങ്ങൾ മുതലായവ) ശേഖരിച്ച് പ്രാഥമികമായി മിനി എം.സി.എഫ്.-കളിൽ സൂക്ഷിച്ച്, തുടർന്ന് മെയിൻ എം.സി.എഫ്-ൽ എത്തിച്ച് തരം തിരിച്ച് ക്ലീൻ കേരളയ്ക്ക് കൈമാറുന്നു. എന്നാൽ ക്ലീൻ കേരള കമ്പനി സമയബന്ധിതമായി അവ നീക്കം ചെയ്യാത്തതിനാൽ എം സി എഫുകൾ എല്ലാംതന്നെ നിറഞ്ഞ അവസ്ഥയിലാണ്. കരിമണ്ണൂർ ടൗണിലെ വാണിജ്യ സ്ഥാപനങ്ങളിലെ ജൈവ മാലിന്യങ്ങൾ ഗ്രാമപഞ്ചായത്തിലെ ശുചീകരണ തൊഴിലാളികൾ മുഖേനയാണ് ശേഖരിക്കുന്നത്. ഉപഭോക്താക്കൾക്ക് ഗ്രീൻ കാർഡും വിതരണം ചെയ്യുന്നു. മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി ബോധവൽക്കരണ ക്യാംപുകൾ സംഘടിപ്പിക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. പകരം നോട്ടീസുകളിലൂടെയാണ് ബോധവൽക്കരണം നടത്തിയിട്ടുള്ളത്. ആകെ ശേഖരിക്കപ്പെടുന്ന മാലിന്യത്തിൽ 10% മാത്രമാണ് പുനരുപയോഗസാധ്യതയുള്ളത്. ഹരിത കർമ സേനയുടെ പ്രവർത്തനം സ്വീകരിക്കാൻ വിമുഖത കാട്ടുന്നവർക്ക് ഗ്രാമപഞ്ചായത്തിൽ നിന്നുള്ള സേവനം നിയന്ത്രിക്കുന്നത് അടക്കമുള്ള നടപടികളിലൂടെ മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യം

ബോധ്യപ്പെടുത്താനും പങ്കാളിത്തം ഉറപ്പ് വരുത്താനും കഴിഞ്ഞിട്ടുണ്ട്.

**3 മാലിന്യങ്ങൾ വലിച്ചെറിയുന്നത് നിയന്ത്രിക്കുന്നതിന് പാരിതോഷികം**

ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനും പ്ലാസ്റ്റിക്, കുപ്പിച്ചില്ല്, റബ്ബർ ഉത്പന്നങ്ങൾ തുടങ്ങിയ അജൈവ മാലിന്യങ്ങൾ വൃത്തിയാക്കി ശേഖരിച്ച് ഹരിത കർമ സേനയ്ക്ക് കൈമാറുന്നതിനും അവ കത്തിച്ചുള്ള അന്തരീക്ഷ മലിനീകരണം നിയന്ത്രിക്കുന്നതിനും നോട്ടീസ് മുഖേനയും വാർഡ് തല സാനിറ്റേഷൻ കമ്മിറ്റി മുഖേനയും ഗ്രാമസഭകൾ മുഖേനയും ബോധവത്ക്കരണം നടത്തുന്ന പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. വിജിലൻസ് സ്ക്വാഡ് രൂപീകരിച്ച് എല്ലാ വ്യാപാരസ്ഥാപനങ്ങളിലും പരിശോധന നടത്തി വരുന്നുണ്ട്. ഒപ്പം തന്നെ മാലിന്യം വലിച്ചെറിയുന്നതും കത്തിക്കുന്നതും നിരുത്സാഹപ്പെടുത്തുന്നതിനായി അത്തരം പ്രവൃത്തികൾ തെളിവ് സഹിതം റിപ്പോർട്ട് ചെയ്യുന്നവർക്ക് പിഴ തുകയുടെ മൂന്നിലൊന്ന് പാരിതോഷികം പ്രഖ്യാപിച്ചതും ഈ വിഷയത്തിലെ മികച്ച കാൽവെയ്പായി ഓഡിറ്റ് വിലയിരുത്തുന്നു. മാലിന്യം കത്തിച്ചതിനും അലക്ഷ്യമായി വലിച്ചെറിഞ്ഞതിനും ഇതിനോടകം പിഴയായി ₹20000/- ഈടാക്കിയ വസ്തുത ഇക്കാര്യത്തെ സാധൂകരിക്കുന്നു.

**4 മാലിന്യശേഖരണത്തിലെ കാര്യക്ഷമത**

മാലിന്യ ശേഖരണത്തിനായി കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. മാലിന്യ നിയന്ത്രണത്തിൽ ഓരോ ഭവനത്തെയും സ്ഥാപനത്തെയും പങ്കാളിയാക്കാൻ കെൽട്രോൺ സഹായത്തോടെ ക്യൂ.ആർ കോഡ് പതിക്കുകയും സർട്ടിഫിക്കറ്റുകളുടെ ആവശ്യത്തിനായി യൂസർഫീ കാർഡ് നിർബന്ധമാക്കുകയും ചെയ്തിട്ടുണ്ട്. ജൈവമാലിന്യങ്ങൾ ഉറവിടത്തിൽതന്നെ സംസ്കരിക്കുന്നതിനായി 259 പൈപ്പ് കംപോസ്റ്റ് യൂണിറ്റുകൾ, 160 റിങ് കംപോസ്റ്റ് യൂണിറ്റുകൾ, 667ബയോ ഡൈജസ്റ്റർ പോട്ടുകൾ എന്നിവ വിവിധ പദ്ധതികളിലൂടെ പഞ്ചായത്തിൽ വിതരണം ചെയ്തിട്ടുള്ളത് മൂലം പഞ്ചായത്തിനെ മാലിന്യമുക്തമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്. പുനരുപയോഗ സാധ്യതയുള്ള വസ്തുക്കൾ ഉപയോഗിക്കാൻ പ്രോൽസാഹിപ്പിക്കുന്നുണ്ട്. എന്നാൽ മാലിന്യ ശേഖരണാർത്ഥം പാതയോരങ്ങളിലും പൊതു ഇടങ്ങളിലും ബിന്നുകൾ സ്ഥാപിച്ചിട്ടില്ല. നിലവിൽ ഹരിതകർമ്മസേന ശേഖരിക്കുന്ന പുനരുപയോഗ സാധ്യതയുള്ള മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയാണ് ചെയ്യുന്നത്.

**5 തൊഴിൽ സൃഷ്ടിക്കൽ**

28അംഗങ്ങൾ ഉൾപ്പെടുന്ന ഹരിതകർമ്മസേനയാണ് ഗ്രാമപഞ്ചായത്തിനുള്ളത്. മാസത്തിലെ ആദ്യത്തെ 20 ദിവസം മാലിന്യ ശേഖരണവും, അവശേഷിക്കുന്ന ദിനങ്ങൾ മാലിന്യം തരം തിരിക്കുന്ന ജോലിയിലും അംഗങ്ങൾ ഏർപ്പെടുന്നു. ഹരിത കർമ സേനയുടെ പ്രവർത്തനങ്ങളും സാമ്പത്തിക ഇടപാടുകൾ നിയന്ത്രിക്കുന്നതിനുമായി ഹരിത കർമ കൺസോർഷ്യം നിലവിലുണ്ട്. ഇതിനായി ബാങ്ക് അക്കൗണ്ട്

തുടങ്ങുകയും അതിലൂടെ ഇടപാടുകൾ നടത്തുകയും ചെയ്യുന്നു. യൂസർ ഫീ ആയി പ്രതിമാസം ലഭിക്കുന്നതിൽ പത്ത് ശതമാനം കൺസോർഷ്യത്തിന്റ പ്രവർത്തനങ്ങൾക്കായി നീക്കിവെച്ച ശേഷമുള്ള തുക സേനാംഗങ്ങളുടെ ശമ്പളത്തിനായി വിനിയോഗിക്കുന്നു. ഓരോ സേനാംഗത്തിനും നിലവിൽ ലഭിക്കുന്ന വരുമാനം മെച്ചപ്പെട്ടതല്ല. ₹4500/- മുതൽ ₹10500/- വരെ ആണ് അംഗങ്ങൾക്ക് വരുമാനമായി ലഭിക്കുന്നത്. അംഗങ്ങളുടെ വരുമാന വർദ്ധനവിനായി ജൈവമാലിന്യസംസ്കരണ/ജൈവവള നിർമ്മാണ പ്ലാന്റുകൾ സ്ഥാപിച്ചിട്ടില്ല.

**6അടിസ്ഥാന സൗകര്യങ്ങൾ**

മാലിന്യ നീക്കത്തിനായി നിലവിൽ വാഹനം വാടകയ്ക്ക് എടുത്താണ് ഉപയോഗിക്കുന്നത്. പുതിയ വാഹനം വാങ്ങുന്നതിനായി പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. ഹരിതകർമ്മസേനാംഗങ്ങൾക്ക് കുടുംബശ്രീ മുഖേന ഡ്രൈവിംഗ് പരിശീലനം നൽകുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലേക്കായി സേനാംഗങ്ങൾക്ക്ക്യാപ്പ്, ഷൂസ്, മാസ്ക്, ഗ്ലൗസ്, യൂണിഫോം, ഫസ്റ്റ് എയ്ഡ് കിറ്റ് എന്നിവ നല്കിയിട്ടുണ്ട്.

**7. പരിശീലനവും വികസനവും**

ഹരിതകർമ്മസേന അംഗങ്ങൾക്ക് മാലിന്യ ശേഖരണം, തരംതിരിക്കൽ എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് സ്മാർട്ട് ഗാബേജ് ആപ്പിന്റെ പ്രവർത്തനം സംബന്ധിച്ച് കെൽട്രോണും, മാലിന്യം തരംതിരിക്കൽ സംബന്ധിച്ച് ശുചിത്വമിഷനും ക്ലീൻ കേരള കമ്പനിയും പരിശീലനം നൽകിയിട്ടുണ്ട്.

**8. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി**

നിലവിലുള്ള എം.സി.എഫിന്റെ സൗകര്യങ്ങൾ പരിമിതമായതിനാൽ പുതിയ കെട്ടിടവും അനുബന്ധ സൗകര്യങ്ങളും പൂർത്തിയായി വരുന്നു. വൈദ്യുതി, വെള്ളം, വഴി, ടിപ്പിംഗ്ഏരിയ, സ്റ്റോറേജ്ഏരിയ, മെഷിനറിഏരിയ, ശുചിമുറി എന്നീ സൗകര്യങ്ങൾ പുതിയ എം സി എഫിൽ വിഭാവനം ചെയ്തിട്ടുണ്ട്. ബെയിലിംഗ്, ഷ്രെഡിങ് സൗകര്യങ്ങൾ പഞ്ചായത്തിൽ നിലവിലില്ല. ആവശ്യമായ എല്ലാ ഭൗതിക സാഹചര്യങ്ങളും സജ്ജമാക്കി പുതിയ കെട്ടിടത്തിൽ എം.സി.എഫിന്റെ പ്രവർത്തനം താമസിയാതെ ആരംഭിക്കുമെന്ന് അധികൃതർ വ്യക്തമാക്കി.

**9. മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ**

മാലിന്യം തരം തിരിക്കുന്നവേളയിൽ സേനാംഗങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ക്യാപ്പ്, ഷൂസ്, മാസ്ക്, ഗ്ലൗസ്, യൂണിഫോം, ഫസ്റ്റ് എയ്ഡ് കിറ്റ് എന്നിവ നൽകിയിട്ടുണ്ട്. കൂടാതെ ആവശ്യമായ മുൻകരുതൽ സ്വീകരിക്കുവാൻ പരിശീലനവും നൽകിയിരിക്കുന്നു. എല്ലാ മാസവും പ്രസിഡന്റിന്റെ അധ്യക്ഷതയിൽ ഹരിതകർമ്മസേനാംഗങ്ങളുടെ യോഗം വിളിച്ച് ചേർത്ത്പ്രവർത്തനങ്ങൾ

വിലയിരുത്തുകയും ചർച്ചകളിലൂടെ കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനത്തിനായി നിർദ്ദേശങ്ങൾ നല്കി വരുകയും ചെയ്യുന്നുണ്ട്. ഗ്രാമപഞ്ചായത്തിനെ മാലിന്യമുക്തമാക്കാൻ ഹരിതകർമ്മസേനയുടെ പ്രവർത്തനം വലിയ സഹായമാണ്. ഇതുമൂലം നിരവധികുടുംബങ്ങൾക്ക് ₹4500/- മുതൽ ₹10500/- വരെ പ്രതിമാസ സാമ്പത്തിക വരുമാനം ഉണ്ടാക്കാനായിട്ടുണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തനം ഗ്രാമീണ മേഖലയെ ഒരുപരിധിവരെ മാലിന്യമുക്തമാക്കുന്നതിനും ശുചിത്വത്തിന്റെ പ്രാധാന്യം പൊതുജനശ്രദ്ധയിൽ കൊണ്ടുവരുന്നതിനും സാധിക്കുന്നുവെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഗ്രാമപഞ്ചായത്തിലെ എല്ലാപൗരൻമാരും മാലിന്യസംസ്കരണത്തിൽ പങ്കാളികളായെങ്കിൽ മാത്രമേ പദ്ധതികളിലൂടെ പ്രതീക്ഷിക്കുന്ന ലക്ഷ്യം നേടാൻ സാധിക്കുകയുള്ളൂ. അലക്ഷ്യമായി മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നവർക്കെതിരെയുള്ള ശിക്ഷണനടപടികൾ കാര്യക്ഷമമാക്കാൻ ഹരിതകർമ്മസേനയെ കൂടുതൽ സജ്ജരാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

**10.ശുപാർശകൾ.**

- ഹരിത കർമ്മസേനയുടെ പ്രവർത്തനം സുഗമമായി നടത്തുന്നതിന് ആവശ്യമായ സൗകര്യങ്ങളുള്ള MCF , അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിക്കുക.
- ഹരിത കർമ്മ സേനാംഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഉത്തരവിൽ പരാമർശിച്ച പ്രവർത്തനങ്ങളിൽ അനുയോജ്യമായവ ഹരിത കർമ്മസേന മുഖേന നടപ്പിലാക്കുക.
- ഹരിത കർമ്മ സേനയുടെ പ്രവർത്തനം സർക്കാർ നിർദ്ദേശപ്രകാരം സുഗമമായും സുതാര്യമായും നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- ഹരിത കർമ്മസേനയുടെ വാഹനം ഓടിക്കുന്നതിന് ഹരിതകർമ്മ സേന അംഗങ്ങളെ പര്യാപ്തമാക്കുക
- മാലിന്യസംസ്കരണത്തിന് പൊതു ജനങ്ങളുടെ സഹകരണം ഉറപ്പുവരുത്തുന്നതിനും, മാലിന്യത്തിന്റെ അളവ് കുറക്കുന്നതിനും ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| പ്രോജക്ടിന്റെ പേര് | തുക ലഭിച്ച വർഷം | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (52/24) | 2023-24 | 0 | 285000 | 285000 | 0 |
| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് ബത്ത നൽകൽ (7/24) | 2023-24 | 307550 | 149000 | 456550 | 0 |
| നെൽകൃഷി സ്ഥിരം കൃഷിക്ക് ധനസഹായം - സംയുക്ത പദ്ധതി (46/24) | 2023-24 | 199726 | 300000 | 499726 | 0 |
| ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് പാലിന് ധനസഹായം (174/24) | 2023-24 | 647210 | 470363 | 1117573 | 0 |
| പൂരകപോഷകാഹാര പരിപാടി (9/24) | 2023-24 | 144303 | 0 | 144303 | 0 |
| പാലിയേറ്റീവ് പരിചരണം (24/24) | 2023-24 | 298729 | 0 | 298729 | 0 |
| ലൈഫ് ഭവന പദ്ധതി (30/24) | 2023-24 | 50000 | 0 | 50000 | 0 |
| ലൈഫ് ഭവന പദ്ധതി പട്ടിക ജാതി (31/24) | 2023-24 | 70000 | 0 | 70000 | 0 |
| ആകെ | | 1717518 | 1204363 | 2921881 | |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ തീയതി | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ശേഷിക്കുന്ന തുക ₹ |
|---|---|---|---|---|---|
| അനർട്ട് | സോളാർ പവർ ജനറേഷൻ പ്ലാന്റ് സ്ഥാപിക്കൽ | 42301466/31.03.2024 | 770000 | 0 | 770000 |

| | | | | | |
|---|---|---|---|---|---|
| കേരള ഗ്രൗണ്ട് വാട്ടർ അതോരിറ്റി | കുടിവെള്ള പദ്ധതിയ്ക്കായി പൊതുകുഴൽ കിണർ നിർമ്മാണം | 42301465/31.03.2024 | 82565 | 0 | 82565 |
| | | | 852565 | | 852565 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

- ഇല്ല -

## 4-4 വായ്പാ/വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാ വസാനം തിരിച്ച ടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | | മുതൽ | |
| കെ.യു.ആർ. ഡി.എഫ്.സി ലോൺ (ലൈഫ്) | സ.ഉ.(സാ)നം. 111/18/ ത.സ്വ.ഭ.വ തി.13.08.2018 | 17802809 | 0 | 12259251 | 1907323 | 10351928 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5,22,423 |
| തൻവർഷം നിക്ഷേപിച്ച തുക | 10,00,000 |
| പലിശ | 92,604 |
| ആകെ | 5,22,423 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 16,15,027 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക ₹ |
|---|---|
| FD രസീത് നമ്പർ 427635/31.3.2017 കേരള ഗ്രാമീൺ ബാങ്ക് കരിമണ്ണൂർ ശാഖ (പുതുക്കി നിക്ഷേപിച്ചത്) FD രസീത് നമ്പർ 434/27.07.2023 ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, നെടുങ്കണ്ടം | 6,15,027 10,00,000 |
| ആകെ | 16,15,027 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹22216/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2022-23 | 1-19 | 6700 | അമൃതം നടീമിക്സ്, ഉടുമ്പന്നൂർ | 1230102744/12-01-2024 |
| 2022-23 | 1-19 | 15516 | നവോദയ നടീമിക്സ്, ഉടുമ്പന്നൂർ | 1230102753/16-01-2024 |
| | ആകെ | 22216 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

ഇല്ല.

## 4-8 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുക

### (എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

### (ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം., ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | സർചാർജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെട്ടുത്തിയിട്ടുണ്ടോ | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക, തീയതി | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത ₹ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 2000-01 | 35 | ശ്രീ. ഇ.യു. ജോസഫ്, സെക്രട്ടറി | LF.16208/ Sc2/04 തീ.30.4.2005 | 16340 | - | ഇല്ല | - | - | - | - | 16340 | - |
| 2 | 2000-01 | 36 | ശ്രീ. ഇ.യു. ജോസഫ്, സെക്രട്ടറി | LF.16208/ Sc2/04 തീ. 30.04.2005 | 16340 | - | ഇല്ല | - | - | - | - | 16340 | - |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| മുന്നിരിപ്പ് | | ₹22767344 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹33761587 |
| ആകെ | : | ₹56528931 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | | ₹32555818 |

| | | |
|---|---|---|
| നീക്കിയിരിപ്പ് | : | ₹23973113 |
| (കുറിപ്പ്:-2023-24 ലെ റെസീപ്റ്റ് & പേയ്മെന്റ് പത്രികയിലെ വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്) | | |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹770000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 770000 | ശ്രീ. അഗസ്റ്റിൻ വി.എ., സെക്രട്ടറി |
| ആകെ | 770000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അഗസ്റ്റിൻ വി.എ., സെക്രട്ടറി | സെക്രട്ടറി, കരിമണ്ണൂർ ഗ്രാമ പഞ്ചായത്ത് | വരിയ്ക്കക്കൽ, വണ്ടമറ്റം പി. ഓ., തൊടുപുഴ, ഇടുക്കി ജില്ല. |

**4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | ഖണ്ഡിക നം. |
|---|---|---|---|
| 2012-13 | എൽ.എഫ്.ഐ.10/98/ 2015/ | 1 | 3-1 |

| | | | |
|---|---|---|---|
| &<br>2013-14 | 23.01.2015 | | |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ-10/ 1025/16<br>29.07.16 | 4 | 2-1, 3-5, 3-6, 3-7 |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ-10/407/17/<br>18.04.2017 | 5 | 3-2, 3-3, 3-4, 3-5, 3-7 |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ-10/560/17/<br>01.12.2017 | 4 | 3-1, 3-2, 3-3, 3-4 |
| 2018-19 | കെ.എസ്.എ-ഐ.ഡി.കെ-10/1033/19/<br>21.04.2020 | 3 | 1-23(1), 1-23(3), 1-26 |
| 2019-20 | കെ.എസ്.എ-ഐ.ഡി.കെ-10/296/21/<br>07.05.2021 | 23 | 1-13 മുതൽ 1-23 വരെ, 1-25, 1-26, 1-27, 1-29, 1-30, 1-31, 1-33 മുതൽ 1-38 വരെ |
| 2020-21 | കെ.എസ്.എ-ഐ.ഡി.കെ-10/402/2022/<br>6-5-2022 | 10 | 1-10, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-21, 4-11 |
| 2021-22 | കെ.എസ്.എ.ഐ.ഡി.കെ.പി.4-130/2023/<br>25/03/2023 | 8 | 1-9, 1-9-1, 1-9-4, 1-10 മുതൽ 1-13 വരെ, 4-11 |
| 2022-23 | കെ.എസ്.എ.ഐ.ഡി.കെ.പി.4-925/2023/<br>01/11/2023 | 33 | 1-1 മുതൽ 1-22 വരെ, 3-1, 4-1 മുതൽ 4-10 വരെ |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 24-05-2024 and submitted on 27-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Karimanoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Karimanoor Grama Panchayat as on 31-03-2024

Date: **03/09/2024**

Deputy Director
District Office Idukki
Kerala State Audit Department

## Audit Report appended to the Audit Certificate of Karimanoor Grama Panchayat for the Year 2023-2024 .

**1.Major Observations**

1. Non inclusion of notes to accounts in financial statements and non-disclosure of material facts.
2. Asset register is not comprehensive and up to date so that valuation of asset is not possible.
3. Lapses in making timely and accurate demand entries in respect of tax and non tax revenues.

**2.Other Observations**

1. Lack of source documents in support of the figures shown as prior period items in 1-18 & 1-19 schedule.

2. Details of Bank Accounts in respect of Assistant Engineer and Head master not include in AFS.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്